**<u>ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം</u>**

**<u>തിരുവനന്തപുരം.</u>**

വിഷയം:- ആരോഗ്യവകുപ്പ്- ജീവനക്കാര്യം- മാനദണ്ഡ അടിസ്ഥാനത്തിലുള്ള പൊതുസ്ഥലം മാറ്റം 2024 -അനസ്തേഷ്യ വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തികയിലെ അന്തിമ പട്ടിക പ്രസിദ്ധപ്പെടുത്തി ഉത്തരവാകുന്നു.

പരാമർശം:- 1.സ.ഉ(പി)നം.03/2017/ഉ.ഭ.പ.വ തീയതി 25.02.2017

2.സ.ഉ(സാധാ)നം.744/2024/H&FWD,തീയതി 12.03.2024

3. ജീവനക്കാർ SPARK മുഖേന സമർപ്പിച്ച അപേക്ഷകൾ

4..ഉത്തരവ് നം. ഇ.ബി2-9226/2024/ആ.വ.ഡ തീയതി 14.06.2024

5.ഉത്തരവ് നം. ഇ.എച്ച് 1-6610/2024/ആ.വ.ഡ തീയതി 22.06.2024

6.ഉത്തരവ് നം. ഇ.ബി2-9226/2024/ആ.വ.ഡ തീയതി 26.07.2024

7.ജീവനക്കാർ സമർപ്പിച്ച ഹർജികൾ

**<u>ഉത്തരവ് നം. ഇ.ബി2-9226/2024/ആ.വ.ഡ തീയതി : 07-08-2024</u>**

അനസ്തേഷ്യ വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തികയിലെ **2024** ലെ പൊതുസ്ഥലം മാറ്റത്തിന്റെ ഭാഗമായുള്ള കരട് പട്ടിക പരാമർശം **4** പ്രകാരവും അന്തിമ പട്ടിക പരാമർശം **6** പ്രകാരവും പ്രസിദ്ധീകരിച്ചിരുന്നു. കരട് പട്ടികയിൽ ഉൾപ്പെടാതെ **26.07.2024** ലെ പരാമർശം **6** പ്രകാരമുള്ള അന്തിമ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ജീവനക്കാർക്ക് ട്രാൻസ്ഫറിനെതിരെ ആക്ഷേപം

ഉണ്ടെങ്കിൽ സമർപ്പിക്കുന്നതിന് അവസരം നൽകിയിരുന്നു. ഇപ്രകാരം ലഭ്യമായ ഹർജികൾ പരിശോധിച്ചതിൽ നിന്നും ട്രാൻഫർ ചെയ്യപ്പെട്ട സ്ഥലത്ത് അവരെ നിലനിർത്തണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്. കൂടുതൽ അർഹതപ്പെട്ടവരെ പരിഗണിക്കേണ്ടതിനാൽ ഈ ആവശ്യം അംഗീകരിക്കുവാൻ കഴിയില്ല. അതിനാൽ പരാമർശം 6 പ്രകാരം പുറപ്പെടുവിച്ച അനസ്തേഷ്യ വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തികയിലെ 2024 ലെ പൊതുസ്ഥലമാറ്റ പട്ടിക അന്തിമമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

2. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർമാരെ പകരക്കാർ ജോയിൻ ചെയ്യുന്നത് കാത്തിരിക്കാതെ ഉടനടി വിടുതൽ ചെയ്യേണ്ടതാണ്. ആരോഗ്യവകുപ്പ് മേധാവിയുടെ കാര്യാലയത്തിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് അനന്തര ആവശ്യങ്ങൾക്കായി ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാവുന്നതാണ്.

Signed by
Reena K J
Date: 07-08-2024 08:05:01

ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്: ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർമാർ

പകർപ്പ് :
1. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും
2. ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്കും
3 . ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യാഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
4. ഫയൽ/ കരുതൽ ഫയൽ